## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3871.   27.06. 2012-ൽ മറുപടിയ്ക്ക്**

## ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പാലോട് രവി<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ സമർപ്പിക്കുവാനും പരിഹാരം കാണുന്നതിലും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദമാക്കുമോ; | (എ) | ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഓഫീസ്, തൈക്കാട് പി.ഒ., തിരുവനന്തപുരം എന്ന മേൽവിലാസത്തിലോ എല്ലാ ജില്ലകളിലുമുള്ള ഡെസിഗ്നേറ്റഡ് ഓഫീസർക്കോ (ജില്ലാ ഫുഡ് ഇൻസ്പെക്ടർ ഓഫീസ്) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡിലെ ചീഫ് ഫുഡ് സേഫ്റ്റി ഓഫീസർക്കോ, foodsafetykerala@gmail.com എന്ന വിലാസത്തിൽ ഇ-മെയിലായോ പരാതി അയയ്ക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്. |
| (ബി) | ആയതിനായി ശാസ്ത്ര ലാബുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അനലിറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലേക്ക് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഓഫ് ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻസ് ലബോറട്ടറി അക്രഡിറ്റേഷനുമുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കൂടാതെ ക്ഷീര വികസനം, സിവിൽസപ്ലൈസ് എന്നീ വകുപ്പുകളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണഗുണനിലവാര ലബോറട്ടറികളുടെ സേവനവും ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത്? | (സി) | നിലവിൽ കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ